## ഗ്രാമ ന്യായാലയ, ശ്രീകൃഷ്ണപുരം

ഹാജർ : രജിത കെ ആർ, എം.കോം, എൽ.എൽ.ബി
ന്യായാധികാരി
07 തിയ്യതി, മാർച്ച് 2025 വെള്ളി

**കേസ് നമ്പർ: എസ് ടി 9/2024**

വാദി : കേരള സർക്കാരിനെ പ്രതിനിധീകരിച്ച് , സ്റ്റേഷൻ ഹൗസ് ഓഫീസർ
ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷൻ (എ പി പി യിലൂടെ)
ക്രൈം നമ്പർ : 639/2023
ഇന്ത്യൻ ശിക്ഷാ നിയമം 279, 338 വകുപ്പുകൾ

പ്രതി : ഉദയകുമാർ വയസ്സ് 40 , S/o നാരായണൻ , പുലാക്കാൽ പള്ളിയൽ വീട് , തോന്നാരി, മണ്ണാർക്കാട് , പാലക്കാട് ജില്ല.
(പ്രതിഭാഗം അഡ്വ. പി. എം. ജയകുമാർ )

ഈ കേസ് ഇന്നേ ദിവസത്തെ നടപടി ക്രമങ്ങൾക്കായി പരിഗണനക്ക് വന്നതിൽ താഴെ പ്രകാരമുള്ള ഉത്തരവ് പുറപ്പെട്ടുവിച്ചിരിക്കുന്നു.

**ഉത്തരവ്**

1. മേൽനമ്പർ കേസിലെ പ്രതിക്കെതിരെ 1860 ലെ ഇന്ത്യൻ ശിക്ഷാനിയമം 279, 338 വകുപ്പുകൾ പ്രകാരമുള്ള കുറ്റകൃത്യത്തിന് ശ്രീകൃഷ്ണപുരം പോലീസ് ക്രൈം 639/2023 പ്രകാരം രജിസ്റ്റർ ചെയ്ത കേസാണിത്.

2. പ്രതി കോടതി മുൻപാകെ ഹാജരായില്ല. പ്രതി നേരിട്ട് കോടതിയിൽ ഹാജരാകുന്നതിൽ നിന്നും ഒഴിവാക്കുവാനും പ്രതിക്ക് വേണ്ടി അഭിഭാഷകൻ കുറ്റസമ്മതം നടത്തുവാൻ അനുവദിക്കാനുമായി അപേക്ഷ നൽകി. പ്രോസിക്യൂഷൻ ഹാജരാക്കിയ രേഖകളുടെ പകർപ്പുകൾ നൽകി. പ്രതി ചെയ്ത കുറ്റകൃത്യം പ്രതിക്ക് വേണ്ടി അഭിഭാഷകന് വായിച്ചു വിവരിച്ചു കേൾപ്പിച്ചു. പ്രതി കുറ്റം സമ്മതിക്കുന്നതായി അഭിഭാഷകൻ കോടതി മുൻപാകെ ബോധിപ്പിച്ചു. പ്രതി സ്വമേധയാ ആണ് അഭിഭാഷകൻ മുഖേന കുറ്റസമ്മതം നടത്തിയതെന്ന് കോടതിക്ക് ബോധ്യപ്പെട്ടു. ഈ കേസ് 1958 ലെ പ്രൊബേഷൻ ഓഫ് ഒഫൻഡേഴ്സ് ആക്ട് പ്രയോഗിക്കാൻ തക്കതല്ല എന്ന് ബോധ്യപ്പെട്ടിരിക്കുന്നു.

3. ആയതിനാൽ പ്രതി 1860 ലെ ഇന്ത്യൻ ശിക്ഷ നിയമം **279, 338** വകുപ്പുകൾ പ്രകാരം കുറ്റക്കാരനാണെന്ന് കണ്ടെത്തി. 1860 ലെ ഇന്ത്യൻ ശിക്ഷാ നിയമം **279** ആം വകുപ്പിന്റെ കീഴിൽ അഞ്ഞൂറ് (500) രൂപ പിഴയും പിഴ തുക അടക്കാത്തപക്ഷം 3 ദിവസം ലളിതമായ തടവും, 1860 ലെ ഇന്ത്യൻ ശിക്ഷാ നിയമം **338** ആം വകുപ്പിന്റെ കീഴിൽ ആയിരം (1000) രൂപ പിഴയും പിഴ തുക അടക്കാത്തപക്ഷം 5 ദിവസം ലളിതമായ തടവും അനുഭവിക്കാൻ പ്രതിക്ക് ശിക്ഷ വിധിച്ചിരിക്കുന്നു.

(കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പ് ചെയ്ത് ആയത് എന്നാൽ ശരിയാക്കപ്പെട്ടിട്ടുള്ളതും രണ്ടായിരത്തിഇരുപത്തിയഞ്ച് മാർച്ച് മാസം ഏഴാം തിയതി, തുറന്ന കോടതിയിൽ വിധി പ്രഖ്യാപിച്ചിട്ടുള്ളതും ആകുന്നു).

ഒപ്പ്
ന്യായാധികാരി
ഗ്രാമ ന്യായാലയ, ശ്രീകൃഷ്ണപുരം

//ശരിപ്പകർപ്പ് //

ന്യായാധികാരി
ഗ്രാമ ന്യായാലയ, ശ്രീകൃഷ്ണപുരം